# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

07.02.2019 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2371

### നിർമ്മാണ സാമഗ്രികളുടെ അഭാവം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.ഉമ്മർ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി) |
| (എ) മണൽ, മെറ്റൽ എന്നീ സാമഗ്രികളുടെ അഭാവം പരിഹരിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് ക്വാറി ഉല്പന്നങ്ങളായ മെറ്റൽ, ധാതുമണൽ എന്നിവയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിലേക്ക് ക്വാറി പ്രവർത്തനം സാധ്യമാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.<br>1. 5-ഹെക്ടറിനു താഴെ വിസ്തീർണ്ണമുള്ള സ്ഥലത്തേക്ക് പരിസ്ഥിതി ക്ലിയറൻസ് അനുവദിക്കുന്നതിന് ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതിയാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യും ജില്ലാതല അപഗ്രഥന സമിതി (DEAC)യും രൂപീകരിച്ചിരുന്നു. നിലവിലെ ജില്ലാ തല വിദഗ്ധ സമിതികൾ പുനഃസംഘടിപ്പിക്കുവാൻ 11.12.2018 ൽ ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ആയതിനാൽ നിലവിൽ ഈ സമിതികൾ പ്രവർത്തി ക്കുന്നില്ല)<br>2. ക്വാറി സ്ഥലത്തേക്ക് റോഡ്, വീട്, ആരാധനാലയങ്ങൾ തുടങ്ങിയവയിൽ നിന്നുള്ള ദൂരപരിധി 100 മീറ്ററിൽ നിന്നും 50 മീറ്ററായി കുറയ്ക്കുകയുണ്ടായി.<br>3. ചെറുകിട ക്വാറികളുടെ പ്രവർത്തനത്തിനായി ലഘൂകരിച്ച മൈനിംഗ് പ്ലാൻ സർക്കാർ അംഗീകരിച്ചു നൽകിയിട്ടുണ്ട്.<br>4. നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയിൽ നിന്നും ക്വാറിയിലേക്കുള്ള ദൂരപരിധി 1 കി.മീ ആയി നിജപ്പെടുത്തി മറ്റുള്ള സ്ഥലങ്ങളിൽ വനാതിർത്തിയിൽ നിന്നും ക്വാറിയിലേക്കുള്ള ദൂരപരിധി നിശ്ചയിച്ചിരുന്നത് ഒഴിവാക്കി.<br>5. അന്യ സംസ്ഥാനത്തു നിന്നും ക്വാറി ഉൽപന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനു |

| | | | |
|---|---|---|---|
| | | | വേണ്ട മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. കൂടാതെ വിദേശങ്ങളിൽ നിന്നും ക്വാറി ഉൽപന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനും നിലവിൽ തടസ്സമില്ല.<br>6. ബഹു.മുഖ്യമന്ത്രി ബന്ധപ്പെട്ട വകുപ്പ് മന്ത്രിയുടേയും ഉന്നത ഉദ്യോഗസ്ഥരുടെയും നിരവധി യോഗങ്ങൾ വിളിച്ചുചേർക്കുകയും നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു. 21.11.2018 ൽ ബഹു.വ്യവസായ മന്ത്രി ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിച്ചു ചേർക്കുകയും അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കണമെന്ന് കർശന നിർദ്ദേശം നൽകുകകയും ചെയ്തിട്ടുണ്ട്.<br>7. 2015 ലെ കെ.എം.എം.സി ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം വിവിധ ജില്ലകളിലായി കരിങ്കല്ല് ഖനനം ചെയ്യുന്നതിന് 277 ക്വാറിയിംഗ് ലീസുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും 1 വർഷ കാലാവധിയിൽ ക്വാറിയിംഗ് പെർമിറ്റുകളും അനുവദിച്ചു വരുന്നുണ്ട്.<br>മണൽ ക്ഷാമം പരിഹരിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്<br>1. തിരഞ്ഞെടുത്ത ഡാമുകളിൽ നിന്നും മണൽ/ചെളി എന്നിവ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.<br>2. അന്യസംസ്ഥാനത്തു നിന്നും വിദേശത്തു നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. |
| (ബി) | ഇറക്കുമതി ചെയ്യുന്ന മണൽ കേരളത്തിൽ വിൽപ്പന നടത്തുന്നതിനായി എന്തെല്ലാം മാർഗ്ഗ നിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (ബി) | അന്യസംസ്ഥാനത്തു നിന്നും വിദേശത്തു നിന്നും മണൽ ഇറക്കുമതി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും, ആയതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനുമായി പുറപ്പെടുവിച്ചിട്ടുള്ള 20.02.2018 തീയതിയിലെ 57/എ 3/2018/ഐ.ഡി നമ്പരായ സർക്കുലറിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഡീലേഴ്സ് ലൈസൻസുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ സത്വര നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ ജിയോളജിസ്റ്റുമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം വിദേശത്തു നിന്നും ഇറക്കുമതി ചെയ്ത മണൽ കേരളത്തിൽ വിൽപ്പന നടത്തി വരുന്നുണ്ട്. |

| | | |
|---|---|---|
| (സി) | കരിങ്കല്ലും അതിന്റെ ഉല്പന്നങ്ങളും സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | നിലവിൽ നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**